റ്റി2/76016/2016/ഡി.പി.ഐ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 03.05.2017

## സർക്കുലർ

വിഷയം: പൊ.വി.- 2017-18 വർഷം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് വാങ്ങുന്നതിനുവേണ്ടി തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ ലിസ്റ്റിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന: 18.04.2017 - ലെ ഇതേ നം. സർക്കുലർ

18.04.2017- ലെ ഇതേ നം. സർക്കുലർ പ്രകാരം, സ്കൂളുകളിലെ ലൈബ്രറികളിലേക്ക് വാങ്ങേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സർക്കുലറിന്റെ തുടർച്ചയെന്ന നിലയിൽ പുസ്തകങ്ങൾ വാങ്ങുന്നതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നു.

ഓരോ സ്കൂളും, പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച പുസ്തക ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സർക്കാർ ഏജൻസിയായ കേരള ബുക്ക് മാർക്കിന് നൽകിയാൽ പ്രസ്തുത പുസ്തകങ്ങൾ 33.33% ഡിസ്ക്കൗണ്ടിൽ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ബുക്ക് മാർക്ക് സ്വീകരിക്കുന്നതായിരിക്കും. ഇതിനുവേണ്ടി പ്രത്യേക ചാർജ് ഈടാക്കുന്നതല്ല. ലിസ്റ്റ് തയ്യാറാക്കി keralabookmarks@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ അയക്കുകയോ, സെക്രട്ടറി കേരള ബുക്ക് മാർക്ക്, പുന്നപുരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മാർഗം അയക്കുകയോ ചെയ്യാവുന്നതാണ്. ഫോൺ നം. 0471-2473921, മൊബൈൽ നം. 9645229703

(ഒപ്പ്/-)
പൊതുവിദ്യാഭ്യാസ ഡയറക്ടർ

// അംഗീകാരത്തോടെ //

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ് : -

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ.